**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1320** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

**<u>മറുപടി:</u>** വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിലവിലെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**1) <u>തെക്കുംകര-മണലിത്തറ സ്മാർട്ട് വില്ലേജ് ഓഫീസ്</u>** - 2023-2024 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ വടക്കാഞ്ചേരി മണ്ഡലത്തിലെ തെക്കുംകര മണലിത്തറ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പുരോഗമിച്ചു വരുന്നു. നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തിയായിട്ടുണ്ട്.

**2) <u>വടക്കാഞ്ചേരി സ്മാർട്ട് വില്ലേജ് ഓഫീസ്</u>** - പ്ലാൻ സ്കീം 2024-2025 ൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ ഭരണാനുമതി നൽകിയ വടക്കാഞ്ചേരി മണ്ഡലത്തിലെ വടക്കാഞ്ചേരി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന്റെ നിർവഹണ ഏജൻസിയായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ തെരെഞ്ഞെടുത്തിട്ടുള്ളതും പുതുക്കിയ DSOR പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്.

**3) <u>കിള്ളന്നൂർ സ്മാർട്ട് വില്ലേജ് ഓഫീസ് -</u>**

പ്ലാൻ സ്കീം 2025-2026 ൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ഭരണാനുമതി നൽകിയ വടക്കാഞ്ചേരി മണ്ഡലത്തിലെ കിള്ളന്നൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന്റെ നിർവഹണ ഏജൻസിയായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി കരാറിൽ 2026 ഓഗസ്റ്റ് 18 ന് ഒപ്പു വെച്ചിട്ടുള്ളതാണ്. നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**